**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279** **09-10-2025 - ൽ മറുപടിയ്ക്ക്**

**രേഖകളിൽ കൃത്രിമംകാട്ടി വാഹനങ്ങൾ റീ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന വാഹനങ്ങൾ പോണ്ടിച്ചേരി അടക്കമുള്ള കേന്ദ്രഭരണ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതും രേഖകളിൽ കൃത്രിമം കാട്ടി പുതിയ വാഹനമായി റീ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. പോണ്ടിച്ചേരി അടക്കമുള്ള അന്യസംസ്ഥാന രജിസ്ട്രേഷനുള്ളതും സംസ്ഥാനത്ത് സ്ഥിരമായി ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ പരിശോധന വേളയിൽ പിടിച്ചെടുക്കുകയും നിയമപരമായി സംസ്ഥാനത്തിന് ലഭിക്കേണ്ടതായ നികുതി ഈടാക്കുകയും ചെയ്തു വരുന്നു. തുടർന്നും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടാൽ, കേരള രജിസ്ട്രേഷനിലേക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകുകയും സംസ്ഥാനത്തെ നിരക്കിൽ ശേഷിച്ച വർഷത്തേക്ക് ഒറ്റത്തവണ നികുതി ഈടാക്കുകയും ഇത് നിരസിക്കുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി സ്പെഷ്യൽ ഡ്രൈവ് മോട്ടോർ വാഹന വകുപ്പ് നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പ് തടയാനും സാധിച്ചിട്ടുണ്ട്. വകുപ്പിന്റെ നിരന്തരമായ ഇടപെടൽമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.** |
| (ബി) | ഇതര സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരുന്ന വാഹനം പുതിയ വാഹനമായി രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | രേഖകളിൽ കൃത്രിമം കാട്ടി അന്യ സംസ്ഥാന വാഹനം സംസ്ഥാനത്ത് പുതിയ വാഹനമായി രജിസ്റ്റർ ചെയ്ത സംഭവങ്ങളിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ